**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5744** **08-07-2024 - ൽ മറുപടിയ്ക്ക്**

**വിളവൂർക്കൽ ഹോമിയോ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ ഹോമിയോ ആശുപത്രിയെ താലൂക്കാസ്ഥാന ആശുപത്രിയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | വിളവൂർക്കൽ ഹോമിയോ ആശുപത്രിയെ താലൂക്കാസ്ഥാന ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നുംതന്നെ സർക്കാരിൽ നിലവിലില്ല. |
| (ബി) | ഹോമിയോപ്പതി മേഖലയുമായി ബന്ധപ്പെട്ട് കാട്ടാക്കട മണ്ഡലത്തിൽ 2016 മെയ് മുതൽ 2024 മെയ് വരെ നടന്ന വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 6 പഞ്ചായത്തുകളിൽ മലയിൻകീഴ്, വിളവൂർക്കൽ, പള്ളിച്ചൽ പഞ്ചായത്തുകളിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികളും, കാട്ടാക്കട, മാറനല്ലൂർ, വിളപ്പിൽ പഞ്ചായത്തുകളിൽ എൻ . എച്ച്. എം ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. മറുകിൽ, വിളവൂർക്കൽ, പള്ളിച്ചൽ ഗവ. ഹോമിയോ ഡിസ്പെൻസറികൾ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്തതുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നിനും അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും 5,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ 4.57 ലക്ഷം രൂപ ഓരോ വർഷവും ആവർത്തന ചിലവിനത്തിൽ ലഭിക്കുന്നതാണ്. ടി സ്ഥാപനങ്ങളിൽ ഒന്നു വീതം യോഗ ഇൻസ്ട്രക്ടർമാരെയും മൾട്ടി പർപ്പസ് ഹെൽത്ത് വർക്കർമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വിളവൂർക്കൽ, പള്ളിച്ചൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികളെ മോഡൽ ഡിസ്പെൻസറികളായി ഉയർത്തുകയും ടി സ്ഥാപനങ്ങൾക്ക് NABH അംഗീകാരവും ലഭ്യമായിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ യോഗ സെന്ററും കമ്മ്യൂണിറ്റി യോഗയും ആരംഭിച്ചു. മറുകിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ലാബ് സൗകര്യം ആരംഭിച്ചു. മാറനല്ലൂർ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിൽ അഡോളസെൻറ് മെന്റൽ ഹെൽത്ത് സെന്റർ ആരംഭിച്ചു. കൗൺസിലിംഗ്, കരാട്ടെ |

| | | | |
|---|---|---|---|
| | | | പരിശീലനം, യോഗ പരിശീലനം എന്നിവ നൽകി വരുന്നു. ബഹു: എം.എൽ.എ.യുടെ നേതൃത്വത്തിൽ കാട്ടാക്കട മണ്ഡലത്തിലെ ആരോഗ്യ മേഖലയിൽ "ഒപ്പം" പദ്ധതി നടത്തിവരുന്നു. ഇതിൽ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും കൗൺസിലിംഗും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ